"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണം-ജീവനക്കാര്യം-തിരുവനന്തപുരം ജില്ലയിലെ ആര്യനാട് പഞ്ചായത്തിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ.ഹരികൃഷ്ണൻ.എസ്.എസ് ന് പഠനാവശ്യത്തിനായി ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1809/2025/LSGD തീയതി,തിരുവനന്തപുരം, 22-07-2025

പരാമർശം:-

1. ശ്രീ.ഹരികൃഷ്ണൻ.എസ്.എസ് ന്റെ 13.02.2023ലെ അവധി അപേക്ഷ.
2. പ്രിൻസിപ്പൽ ഡയറക്ടറുടെ 03.05.2023, 22.01.2025 എന്നീ തീയതികളിലെ LSGD/PD/30961/2023-DEF2 നമ്പർ കത്തുകൾ.

**ഉത്തരവ്**

തിരുവനന്തപുരം ജില്ലയിലെ ആര്യനാട് പഞ്ചായത്തിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ 13.02.2023 ൽ സേവനത്തിൽ പ്രവേശിച്ച ശ്രീ.ഹരികൃഷ്ണൻ.എസ്.എസ് ന് തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ എം.എ. പൊളിറ്റിക്സ് കോഴ്സ് പൂർത്തിയാക്കുന്നതിനായി 14.02.2023 മുതൽ 31.08.2024 വരെ വരെ പഠനാർത്ഥം ശൂന്യവേതനാവധി അനുവദിക്കണമെന്നും അവധിക്കാലയളവ് കഴിഞ്ഞ് 04.09.2024ൽ സേവനത്തിൽ പുനഃപ്രവേശിച്ചിട്ടുള്ളതിനാൽ 01.09.2024 മുതൽ 03.09.2024 വരെയുള്ള overstayed period ശൂന്യവേതനാവധിയായി ക്രമീകരിക്കണമെന്നും ആവശ്യപ്പെട്ട് പരാമർശം (1) പ്രകാരം സമർപ്പിച്ച അപേക്ഷ പരാമർശം (2) പ്രകാരം തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ ശിപാർശ ചെയ്ത് സമർപ്പിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചു. ഒരു കോഴ്സിന്റെ പൂർണ്ണമായ കാലയളവിലേക്കാണ് കെ.എസ്.ആർ., ഭാഗം ഒന്ന്, അനുബന്ധം XII-B പ്രകാരമുള്ള ശൂന്യവേതന അവധി അനുവദിക്കുന്നത്. പ്രസ്തുത അവധിയോട് ചേർത്ത് മറ്റ് അവധികളൊന്നും അനുവദിക്കാൻ വ്യവസ്ഥയില്ലാത്തതുമാണ്. ആയതിനാൽ തിരുവനന്തപുരം ജില്ലയിലെ ആര്യനാട് പഞ്ചായത്തിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ. ഹരികൃഷ്ണൻ എസ്.എസ്-ന് 14.02.2023 മുതൽ 31.08.2024 വരെ, തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ എം.എ. പൊളിറ്റിക്സ് കോഴ്സ് പൂർത്തിയാക്കുന്നതിനായി കെ.എസ്.ആർ, ഭാഗം I, അനുബന്ധം XII B യിലെ വ്യവസ്ഥകൾക്ക് വിധേയമായി പഠനാവശ്യത്തിനായി ശൂന്യവേതനാവധി അനുവദിച്ചും, 01/09/2024 മുതൽ 03/09/2024 വരെയുള്ള കാലയളവ് മുൻകാല സേവനം നഷ്ടമാകും വിധം നോൺ-ഡ്യൂട്ടിയായി ക്രമീകരിച്ച് കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പദ്മിനി കെ എസ്

ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം.

ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്,തിരുവനന്തപുരം(പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).

സെക്രട്ടറി, ആര്യനാട് ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം(പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

ശ്രീ. ഹരികൃഷ്ണൻ എസ്.എസ്, ഓഫീസ് അറ്റൻഡന്റ്, ആര്യനാട് ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം(പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

ധനകാര്യ വകുപ്പ് (07.05.2025ലെ ഡെവ-1/85/2025/ധന നമ്പർ കുറിപ്പ് പ്രകാരം)

ഇൻഫർമേഷൻ ആൻഡ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ) വകുപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം.

ഓഫീസ് പകർപ്പ്/കരുതൽ ഫയൽ.(78/ഇപിഎ2/2023/തസ്വഭവ നമ്പർ ഫയലിലേക്ക്)

ഉത്തരവിൻ പ്രകാരം

Signed by
Danuja M S
സെക്ഷൻ ഓഫീസർ
Date: 23-07-2025 11:15:56